HON'BLE Mr. T. M. VARGHESE : ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾ സ്ഥാപിച്ചതു് ൧൦൫൫-ലും ൧൦൫൬-ലും ആണു്. ഇപ്പോൾ അതിന്റെ കാരണമെന്താണെന്നു പറയാൻ നിവൃത്തിയില്ല.

MR. K. A. MATHEW : അങ്ങനെ സ്ഥാപിച്ചതു് മൻപുണ്ടായിരുന്ന സ്കൂളുകൾക്കു് നഷ്ടവും അസൗകര്യവും ആണെന്നുള്ളതുകൊണ്ടു് ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾ അവിടെനിന്നും മാറേണ്ടതാവശ്യമാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

HON'BLE Mr. T. M. VARGHESE : പൊതുവെ അവിടെയുള്ള സ്കൂളുകൾക്കും ഡിപ്പാർട്ടുമെൻറിനും ആ അഭിപ്രായമാണുള്ളതെങ്കിൽ ഗവണ്മെൻറു് അക്കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണു്.

MR. K. A. MATHEW : സെൻസുജാജു് സ്കൂൾ ഉടമസ്ഥന്മാരിൽനിന്നും ഇതു സംബന്ധിച്ചു പരാതികൾ കിട്ടിയിട്ടുണ്ടോ ?

HON'BLE Mr. T. M. VERGHESE : ഉണ്ടു്.

MR. K. A. MATHEW : അതു സംബന്ധിച്ചു എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ ?

HON'BLE Mr. T. M. VARGHESE : വിദ്യാഭ്യാസ ഡയറക്ടറും ഡിവിഷൻ ഇൻസ്പെക്ടരും ഇൻസ്പെക്ടസ്സും ഇതു സംബന്ധിച്ചു അന്വേഷണങ്ങൾ നടത്തി സർട്ടിഫിക്കറുകൾ കൊടുക്കുന്നതിനു് ചില വിഷമങ്ങൾ ഉള്ളതായി കണ്ടു. എന്നാൽ ഇതു സംബന്ധിച്ചു് പരാതിപ്പെട്ടന്ന മാതാപിതാക്കന്മാരുടെ അഭിഷ്ടാനുസരണം സർട്ടിഫിക്കറുകൾ കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറു് ഉത്തരവു് ചെയ്തിട്ടുണ്ടു്. കൂടുതലായി എന്തെങ്കിലും ചെയ്യണമെന്നു് ഗവണ്മെൻറു് വിചാരിക്കുന്നില്ല.

അദ്ധ്യാപകനിയമനം.

442. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ടമന്ത്രി സദയം മറുപടി പറയുമോ ?

൧൯൦൫-ാമാണ്ടു് Education Department-ൽ നിന്നും ഉണ്ടാക്കിയ acting primary school tecahers-ന്റെ waiting list-ൽ പെട്ട ആരെങ്കിലും ഇനിയും ജോലികൊടുക്കപ്പെടാതെവർ ഉണ്ടോ എന്നും അങ്ങനെയുള്ളവരിൽ നിന്നും memorial കിട്ടിയിട്ടുണ്ടോ എന്നും ഗവണ്മെൻറിൽ നിന്നും ഭയവായി അന്വേഷിച്ചു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE ; Yes; there are persons who have not been appointed from the list referred to. Representations have been received from a few of them.

MR. K. A. MATHEW : ഇപ്പോൾ ഈ അദ്ധ്യാപകന്മാരെ ആവശ്യമുള്ളതുകൊണ്ട് ഈ ലിസ്റ്റിൽ ഉള്ളവർക്ക് പരിഗണന നൽകി അവരെ നിയമിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ ?

HON'BLE MR. T. M. VARGHESE : ചില വ്യവസ്ഥകൾക്ക് വിധേയമായി അവരെ നിയമിക്കുന്നതിൽ വിരോധമൊന്നുമില്ല. ഒന്നാമത്തേത് അവർക്ക് ട്രെയിനിംഗ് ക്വാളിഫിക്കേഷൻ ഉണ്ടായിരിക്കണം. രണ്ടാമത്തേത് നിശ്ചിത വയസ്സ് കടക്കരുത്. ഈ രണ്ടു വ്യവസ്ഥകൾക്കും വിധേയമായി കാണുന്ന അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം നിയമന കാര്യത്തിൽ വേണ്ട പരിഗണന നൽകുന്നതാണ്.

പാലം പണി.

443. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യത്തിനു ബഹു മാനപ്പെട്ടമന്ത്രി സദയം മറുപടി പറയുമോ ?

തിരുവല്ലാ താലൂക്കിൽ കല്ലുപ്പാറ പകുതിയിൽ വായ്പ്പൂർ എന്ന സ്ഥലത്തു വെട്ടിക്കൽ മാക്കറിനു സമീപമുള്ള വയിച്ചയിൽതോട്ടിൽ പാലം പണിയിക്കുന്നതിനു ഏപ്പോൾ ആദ്യം അനുമതി നൽകിയെന്നും പണി പന്നീട്ട നിറുത്തുവാൻ കാരണം എന്തെന്നും ദയവായി ഗവണ്മെൻറ് പ്രസ്താവിക്കുമോ ?

HON'BLE MR. A. ATCHUTHAN : In 1121 M. E. the work could not be proceeded with after the driving of R. C. piles for want of required reinforcement rods.

MR. K. A. MATHEW : അതിനുശേഷം ഈ പണി ആരംഭിക്കുന്നതിന് യാതൊരു നടപടിയും നടത്താതിരുന്നതിന് കാരണമെന്താണ് ?

HON'BLE MR. A. ATCHUTHAN : ഈ വക്ക് ധൃതഗതിയിൽ നടത്തുന്നതിന് കൺട്രാക്ടറുടെ കുഴപ്പംകൊണ്ടു സ്വല്പം തടസ്സം വന്നു. എന്നാൽ ഇപ്പോൾ ജോലി വേഗം തീർക്കുന്നതിന് വേണ്ട ഏർപ്പാടുകൾ നടത്തി വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly